# അമലഭാരതം ശുചീകരണം 16നും 17നും

കൊല്ലം ● മാതാ അമൃതാനന്ദമയി മഠത്തിന്റെ 'അമലഭാരത'ത്തിന്റെ ഭാഗമായി 16നും 17നും ശബരിമലയും പമ്പയും ശുചീകരിക്കും. 1600 പേരാണു സന്നദ്ധ പ്രവർത്തനത്തിന് എത്തുന്നത്. ശബരിമല സാനിട്ടേഷൻ സൊസൈറ്റി ചെയർമാൻ കൂടിയായ പത്തനംതിട്ട കലക്ടർ അറിയിച്ചതിനെ തുടർന്നാണു ശുചീകരണം നടത്തുന്നത്. 100 സന്നദ്ധപ്രവർത്തകർ ശബരിമലയിലും വനിതകൾ ഉൾപ്പെടെ 600 പേർ പമ്പയിലുമാണു ശുചീകരണം നടത്തുന്നത്. നേരത്തെ മുന്നു തവണ ശബരിമലയും പമ്പയും അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിൽ ശുചീകരിച്ചിട്ടുണ്ട്.